# പ്രത്യാശ

## (ജൂൺ 2008)

(റിസർവ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനു വേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 15 | പ്രസിദ്ധീകരണ തീയതി : എല്ലാമാസവും 15 ന് | പേജുകൾ 4

**എഡിറ്റോറിയൽ : ദീർഘായുസ് ഒരു ശാപമോ? :** "Youth is a blunder, Manhood A struggle and oldage A regret" Jawaharlal Nehru കുടുംബ വ്യവസ്ഥകളിൽ മൂല്യച്യുതി അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബാല്യ കാലം മുതൽ നാം കണ്ടും കേട്ടും യാഥാർത്ഥ്യമെന്ന് ധരിച്ചിരുന്ന പല കുടുംബവ്യവസ്ഥകളും സമ്പ്രദാ യങ്ങളും തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്നു. ദീർഘായുസ്സ് ദൈവാനുഗ്രഹമാണെന്ന് നാം വിശ്വ സിക്കുന്നെങ്കിലും ദീർഘായുസ്സിന്റെ തിക്തകാനുഭവങ്ങൾ പലരും അനുഭവിക്കുന്നു. "മനുഷ്യരിൽ നിന്ന് ഏറ്റവും ഔദാര്യപൂർവ്വമായുള്ള പെരുമാറ്റം ലഭിക്കാൻ ഏറ്റവും അവകാശമുള്ളത് അവരുടെ മാതാപി താക്കളാണ്" നബിവചനം - പക്ഷേ ചുമതലകളെല്ലാം കഴിഞ്ഞില്ലേ ആരോഗ്യവും നശിച്ചു ഇനിയെന്തിന് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാൻ നരകിച്ച് ജീവിക്കുന്നു. മരിച്ച് കിട്ടിയാൽ സ്വത്ത് കൈവശം വരുമല്ലോ എന്ന ചിന്താഗതിയാണ് ഇന്നത്തെ തലമുറക്കുള്ളത്. ഒരു ജനതയുടെ മുഴുവൻ ആയുസ്സ് നീളുമ്പോൾ സർക്കാരിനും അതൊരു ബാധ്യതയാവുന്നു. ഗിന്നസ് ബുക്ക് പ്രകാരം ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ പുരുഷന് 112 വയസ്സും സ്ത്രീക്ക് 115 വയസ്സും ഉണ്ട്. ഗിന്നസ്സിൽ പെടാത്ത 117 വയസ്സുള്ള ഉക്രയിനിലെ ഹ്രിഹോറിനെസ്സർ എന്ന ആട്ടിടയനാണ് ലോകത്തെ ഏറ്റവും പ്രായം കൂടിയ ആളായി അറിയപ്പെടുന്നത്. നമ്മളിലാരെങ്കിലുമൊക്കെ ഈ പ്രായംവരെ ജീവിക്കില്ലെന്നെന്താണുറപ്പ്. ഇതുതന്നെ യാണ് ലോകമെമ്പാടുമുള്ള ധനമന്ത്രിമാരുടെ ഉറക്കം കെടുത്തുന്നതും. പെൻഷനും, സോഷ്യൽ സെക്യൂ രിറ്റിയും അനന്തമായി നീളുമ്പോൾ ബഡ്ജറ്റുകൾ തകിടം മറിയുന്നു. ഇന്ത്യയിലും സർക്കാരിന്റെ ബാദ്ധ്യത കുറച്ച് പുതിയ പെൻഷൻ പദ്ധതികൾ നടപ്പാക്കാനാണല്ലോ ശ്രമം നടക്കുന്നത്. Older persons protection and maintenance act, Reverse mortgage എന്നിവ നടപ്പാക്കി ചുമടിന്റെ ഒരു ഭാഗം തലയിൽ നിന്നും ഇറക്കിവ യ്ക്കാനാണ് സർക്കാർ ശ്രമം. രാഷ്ട്രീയ പ്രതിബന്ധങ്ങൾ ഇല്ലായിരുന്നെങ്കിൽ നാം ചെറുപ്പം മുതലേ മന സ്സിലാക്കി വച്ചിരുന്ന പെൻഷൻ എന്ന ആശയംതന്നെ തകിടം മറിയുമായിരുന്നു. ഈ സാഹചര്യത്തിൽ വാർദ്ധക്യാസൂത്രണം വളരെ വളരെ പ്രാധാന്യമർഹിക്കുന്നു. "A man who does not think and plan long ahead will find trouble right at his door" Confucius. Planning for old age (not old age but extreme old age) നേപ്പറ്റി വരും ലക്കങ്ങളിൽ കൂടുതൽ പ്രതിപാദിക്കുന്നതാണ്.

**പുതിയ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയേപ്പറ്റി 6-ാം പേക്കമ്മീഷൻ :** പെൻഷൻ നൽകാനുള്ള ചിലവിപ്പോൾത്തന്നെ ഭീമമാണ്. നമ്മുടെ സമ്പദ്ഘടനയെ തകർക്കുംവിധം അതു ഭീകരമായി വർദ്ധിക്കു മെന്ന് പറഞ്ഞാണ് പെൻഷൻ സമ്പ്രദായത്തെ അടിമുടി അഴിച്ചുവാർക്കാൻ അധികൃതർ ശ്രമിക്കുന്നത്. എന്നാൽ അവർ നിരത്തുന്ന കണക്കുകളെല്ലാം തനിക്കള്ളമാണെന്ന് 6-ാം ശമ്പളക്കമ്മീഷൻ വെളിപ്പെടു ത്തിയ ബാംഗ്ലൂരിലെ Institute for social and economic change ന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. " പുതിയ പങ്കാളിത്തപെൻഷൻ പദ്ധതി നിലവിലുള്ള സമ്പ്രദായത്തെ സങ്കീർണ്ണമാക്കി. കൂടുതൽ പെൻഷൻ പരി ഷ്കാരങ്ങൾ കൊണ്ടുവരുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളൂ. പെൻഷൻ സംബ ന്ധമായി തയ്യാറാക്കിയിട്ടുള്ള കണക്കുകൾ വിശ്വസനീയമല്ല. പെൻഷൻ നൽകാനുള്ള ചിലവ് വലുതാ ണെങ്കിലും ഭയപ്പെടുത്തും വിധം അത് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ വലിയൊരുപങ്കൊന്നും തിന്നു തീർക്കുന്നില്ല. പെൻഷൻ ചിലവ് ക്രമേണ കുറഞ്ഞ് വരികയാണ്. അതുകൊണ്ട് പഴയ പെൻഷൻ സമ്പ്രദായംതന്നെ തുടർന്നു പോകുന്നതാണ് അഭികാമ്യം. പ്രസ്തുത റിപ്പോർട്ട് തിരുത്തി എഴുതിക്കാൻ ധനകാര്യ വകുപ്പ് ശ്രമിച്ചു എന്നും എന്നാൽ ആ ശ്രമം വിജയിച്ചില്ല എന്നും അറിയുന്നു. പ്രസ്തുത റിപ്പോർട്ട് അപ്പാടെ അംഗീകരിച്ചുകൊണ്ടാണ് പേക്കമ്മീഷൻ അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. (Quoted from Pensioners' Link April 2008.)

**റിവേഴ്സ് മോർട്ട്ഗേജ് :** ഫെബ്രുവരി ലക്കത്തിൽ പ്രസ്തുത പദ്ധതിയേപ്പറ്റി വരും ലക്കങ്ങളിൽ പ്രതിപാ ദിക്കാമെന്ന് സൂചിപ്പിച്ചിരുന്നുവല്ലോ? പാശ്ചാത്യരാജ്യങ്ങളിൽ നിന്നും വ്യത്യസ്ഥമായി മക്കൾക്ക് വേണ്ടി ജീവിക്കുകയും മാതാപിതാക്കളുടെ കാലശേഷം സ്വത്തുക്കൾ മക്കൾക്ക് കിട്ടുവാൻ വേണ്ടി നിധികാത്ത്

ജീവിക്കുകയുമാണല്ലോ നമ്മുടെ രീതി. മൂല്യങ്ങൾ സ്വാർത്ഥതക്കു വഴിമാറുമ്പോൾ സ്വത്ത് കിട്ടിയില്ലെങ്കിലും വേണ്ടില്ല മുതിർന്ന തലമുറയെ സംരക്ഷിക്കുന്ന ചുമതലയിൽനിന്നും ഒഴിവാക്കിക്കിട്ടിയാൽ മതിയെന്നാണ് പുതിയ തലമുറ ചിന്തിക്കുന്നത്. മക്കളിൽ നിന്നും സംരക്ഷണം കുറയുമ്പോൾ പാശ്ചാത്യ രാജ്യങ്ങളിലേപ്പോലെ മാതാപിതാക്കളും സ്വയം രക്ഷക്കുവേണ്ടി അവർ സമ്പാദിച്ച സ്വത്തുക്കൾ അവർക്കു വേണ്ടിത്തന്നെ പ്രയോജനപ്പെടുത്തിയാലെന്തെന്ന് ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ താമസിക്കുന്ന വീട് വിറ്റാൽ വാടകയ്ക്ക് താമസിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് ആ വഴിക്ക് ചിന്തിക്കാനും വയ്യ. ഇവിടെയാണ് റിവേഴ്സ് മോർട്ട്ഗേജ് അവരുടെ സഹായത്തിനെത്തുന്നത്. അമേരിക്കയിലും മറ്റും ജനപ്രീതി നേടിയ ഈ സമ്പ്രദായം ഇന്ത്യയിലും നടപ്പാക്കിയാൽ മുതിർന്ന പൗരന്മാരെ പെൻഷനും സോഷ്യൽ സെക്യൂരിറ്റിയും മറ്റും നൽകി സംരക്ഷിക്കേണ്ട ബാദ്ധ്യതയിൽ നിന്നും സർക്കാരിനല്പം ആശ്വാസം കിട്ടുമല്ലോ എന്നു കരുതിയാവണം 2007-08 ലെ ബഡ്ജറ്റിൽ ഇതിന് നിയമമുണ്ടാക്കിയത്. 60 വയസ്സെത്തിയ ഒരു കെട്ടിട ഉടമയ്ക്ക് അയാളുടെയും ഭാര്യയുടേയും ജീവിതകാലം മുഴുവൻ പണം ഒന്നും തിരിച്ചടയ്ക്കാതെ സ്വന്തം വീട്ടിൽ കഴിയുകയും EMI ആയി മാസംതോറുമോ ഒന്നിച്ചോ നല്ലൊരു സംഖ്യ കെട്ടിടത്തിന്റെ പണയത്തിന്മേൽ ലോണായി കിട്ടുവാനും ഈ പദ്ധതി വഴി സാധിക്കും. ലോൺ കാലാവധിയായ 15 വർഷം കഴിഞ്ഞാലും വീടൊഴിയേണ്ട. വസ്തുവിലയുടെ 60 മുതൽ 90% വരെ ലോണായികിട്ടും. ലോൺ തുക പിന്നീട് കൂട്ടിക്കിട്ടുവാനും സാധിക്കും. അപ്പോൾ പിന്നെ ആരാണീ ലോൺ വീട്ടുക. രണ്ടുപേരുടേയും കാലശേഷം മുതലും ഏതാണ്ട് 10.5% പലിശയും ചേർത്ത് നോമിനി തിരിച്ചടച്ച് വസ്തു സ്വന്തമാക്കുകയോ, അങ്ങിനെ ചെയ്തില്ലെങ്കിൽ ബാങ്ക് തന്നെ വസ്തു വിറ്റ് ബാക്കി തുകയുണ്ടെങ്കിൽ അത് നോമിനിക്ക് കൊടുക്കുകയോ ചെയ്യും. ലേല തുക പോരാതെ വന്നാൽ നഷ്ടം ബാങ്കിനായിരിക്കും. ലോൺ തുക ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതാണ് ചുരുക്കിപ്പറഞ്ഞാൽ റിവേഴ്സ് മോർട്ട്ഗേജ് - എന്തുകൊണ്ടിതിനെ മോർട്ട്ഗേജ് (പണയം) എന്നുപറയാതെ റിവേഴ്സ് മോർട്ട്ഗേജ് എന്ന് വിശേഷിപ്പിക്കുന്നു. നമുക്കൊരു വീട് വാങ്ങണമെങ്കിൽ ആദ്യം ബാങ്ക് ലോണെടുത്ത് ആ സംഖ്യകൊണ്ട് വീട് വാങ്ങി പിന്നീടതിനെ ബാങ്കിന് പണയം വയ്ക്കുന്നു. ഇവിടെ നമ്മുടെ പൈസകൊണ്ട് വീട് സമ്പാദിച്ചശേഷം അതിനെ ബാങ്കിന് പണയം വയ്ക്കുന്നു. സാധാരണ ലോണെടുത്താൽ EMI അടയ്ക്കുന്നതനുസരിച്ച് ലോൺ ബാലൻസ് കുറഞ്ഞു വരുന്നു. ഈ കേസിൽ മാസാമാസം EMI തരുന്നതനുസരിച്ച് ബാദ്ധ്യത കൂടി വരുന്നു. ഈവക കാരണങ്ങളാൽ ഇതിനെ റിവേഴ്സ് മോർട്ട് ഗേജ് എന്നുവിശേഷിപ്പിക്കുന്നു. SBI, SBT, Canara, Union Bank, Vijaya Bank പഞ്ചാബ് നാഷണൽ, കോർപ്പറേഷൻ ബാങ്ക് എന്നിങ്ങനെ മിക്കവാറും എല്ലാ ബാങ്കുകളും പദ്ധതി തുടങ്ങിക്കഴിഞ്ഞു. മുതിർന്ന പൗരന്മാർക്ക് അവരുടെ സംരക്ഷണത്തിന് പണം ആവശ്യമായിവരുമ്പോൾ അല്ലെങ്കിൽ പ്രതിമാസവരുമാനം പോരാതെ വരുമ്പോൾ, മക്കളിൽ നിന്നും സഹായം ലഭിക്കാതെ വരുമ്പോൾ ഈ പദ്ധതിയേക്കുറിച്ചാലോചിക്കാവുന്നതാണ്. മാതാപിതാക്കളെ സംരക്ഷിക്കാൻ മടികാണിച്ച് നാടുവിട്ടമക്കൾ മാതാപിതാക്കൾ റിവേഴ്സ് മോർട്ട്ഗേജ് വാങ്ങി സ്വത്ത് നഷ്ടപ്പെടുത്താൻ പോകുന്നുവെന്ന് കേട്ടപാടെ മടങ്ങിയെത്തി ചുമതല ഏറ്റെടുത്തതായി പത്രവാർത്തയുണ്ടായിരുന്നു. "മക്കൾക്ക് ആപ്പ്, മൂപ്പിൽസിന് ആയുധം" എന്നായിരുന്നു തലക്കെട്ട്. പളനിയപ്പ ചിദംബരം മക്കൾക്ക് വച്ച ഒരാപ്പ് കാരണം ഇപ്പോൾ മൂപ്പിൽസിനും മൂപ്പത്ത്യാർക്കുമൊക്കെ ഇത്തിരി പവറുകിട്ടിയെന്നായിരുന്നു വാർത്ത. 18-02-2008 ലെ മനോരമയിൽ കണ്ട ഒരു വാർത്ത കേരളത്തിൽ ഒരു വീടിന് 1.9 കോടി രൂപവരെ ഈ വകുപ്പിൽ ലോൺ കൊടുത്തുവെന്നും വായ്പതുക കൊണ്ട് മൂപ്പിൽസ് വേറൊരു വസ്തു വാങ്ങിയെന്നും. നോക്കണേ ഈ പ്രായത്തിലും മൂപ്പിൽസിന്റെ ഒരു ബുദ്ധി. വാങ്ങിയ വസ്തുവിന് വിലകൂടുമ്പോൾ ലാഭം കൊയ്യാമല്ലോ. നാലാം അപ്പഡേഷനും ഫാമിലി പെൻഷൻ വർദ്ധനയും ഒന്നും കിട്ടിയില്ലെങ്കിൽ നമുക്കും ഈ ബുദ്ധിയൊന്ന് പ്രയോഗിച്ചാലോ?

<u>ഉപഭോക്തൃ വില സൂചിക 2001 - 100</u> <u>(CPI for Industrial Workers 2001-100)</u>: ഈ സൂചികയിലെ വ്യതിയാനങ്ങൾ അനുസരിച്ചാണ് പെൻഷൻകാർക്ക് ഡി. ആർ. കൂടുകയും കുറയുകയും ചെയ്യുന്നത്. മാർച്ച് 2008ൽ സൂചിക 137 ആയിരുന്നു. അതായത് 2001 ൽ 100 രൂപക്ക് വാങ്ങിയിരുന്ന അത്രയും സാധനങ്ങൾ മാർച്ച് 2008ൽ 137 രൂപ കൊടുത്താലേ കിട്ടുമായിരുന്നുള്ളു എന്ന്. ഈ വർദ്ധനയുടെ 100% നഷ്ടപരിഹാരം മാർച്ച് 2008 മുതൽ എല്ലാ പെൻഷൻകാർക്കും ലഭിക്കുന്നുണ്ട്. ടി സൂചിക 2006 ജനുവരി മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇന്ത്യയൊട്ടാകെ 78 സ്ഥലങ്ങളിലുള്ള 289 മാർക്കറ്റുകളിലെ 370 സാധങ്ങളുടെ വിലകൾ ശേഖരിച്ചാണ് സൂചിക തയ്യാറാക്കുന്നത്. ഈ സൂചിക തയ്യാറാക്കുംമുമ്പ് 41040 കുടുംബങ്ങളുടെ വരവ് ചിലവ് രീതി മനസ്സിലാക്കുവാൻ National sample survey organisation (NSO) ലേബർ ബ്യൂറോയുടെ സഹായത്തോടെ 1 വർഷം നീണ്ടുനിന്ന ഒരു സർവ്വേ നടത്തിയിരുന്നു. സൂചിക കണക്കാക്കുമ്പോൾ ഓരോ സാധനങ്ങൾക്കും കൊടുക്കുന്ന തൂക്കം (Weightage) ഇപ്രകാരമാണ്. ഭക്ഷണം 46.19, ഹൗസിങ്ങ്

15.27, വസ്ത്രം, പാദരക്ഷ, കിടപ്പുസാധനങ്ങൾ 6.58, വെളിച്ചം ഊർജ്ജം 6.43, പാൻ സുപാരി പുകയില ലഹരി 2.27, പലവക 23.26 (മൊത്തം 100). ഓരോ സാധനത്തിന്റെയും വിലവിവരം ശേഖരിക്കുന്നത് ഓരോ മാർക്കറ്റിലേയും 2 കടകളിൽ നിന്നും ഒരു നിശ്ചിത ദിവസത്തിൽ ഓരോ ആഴ്ചയിലോ ഓരോ മാസത്തിലോ ആയിരിക്കും. വീട്വാടകമാത്രം അർദ്ധവാർഷികാടിസ്ഥാനത്തിലാണ് ശേഖരിക്കുന്നത്. ശേഷം 78 സ്ഥലങ്ങളിലേ സൂചികയുടെ ശരാശരി എടുത്ത് അഖിലേന്ത്യാ സൂചിക തിട്ടപ്പെടുത്തുന്നു. (Source RBI News Letter 15-4-07) ദേശായി അവാർഡിന്റെ കാലത്ത് 1960 – 100 എന്ന സൂചികയിൽ തുടങ്ങി വച്ച DR അതിനുശേഷം 1982–100, 2001–100 എന്നീ സൂചികകൾ തയ്യാറാക്കിയിട്ടും DR വർദ്ധന സ്ലാബടിസ്ഥാനത്തിൽ കണക്കാക്കുന്നത് ഇപ്പോഴും പഴയ 1960–100 സൂചികയിൽ തന്നെ. അതിനുവേണ്ടി 2001–100 സൂചികയേ 1982–100 ആക്കി പിന്നെ 1960–100 ആക്കി Convert ചെയ്തുകൊണ്ടിരിക്കുകയാണ്. ശമ്പള പരിഷ്കരണം വരുമ്പോഴും D.R ലയനം പഴയ സൂചികയിൽത്തന്നെ. കാരണം പ്രയോഗിക ബുദ്ധിമുട്ടുകളാണെന്ന് വിശ്വസിക്കുന്നു. CPI യുടെ Base year 2001 ആക്കണമെന്നും കാലാകാലം പുനർനിർണ്ണയിക്കണമെന്നും 6–ാം പേ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ D.A. യ്ക്ക് മാത്രമായി National Statistical Commission ഒരു CPI തയ്യാറാക്കണമെന്നും ശുപാർശയിലുണ്ട്. ഇതിൽ അപകടം പതിയിരിക്കുന്നുമുണ്ട്.

S.B. അക്കൗണ്ട്കാർക്ക് പാസ്സ്ബുക്കോ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സോ കൊടുത്തിരിക്കണമെന്ന് RBI ബാങ്കുകളെ ഉത്ബോധിപ്പിച്ചിരിക്കുന്നു. ചാർജ്ജ് ഈടാക്കാൻ പാടില്ല. ചില ബാങ്കുകൾ പാസ്സ്ബുക്ക് പതിച്ചുകൊടുക്കുന്നത് പാടേ നിർത്തുകയും ചില ബാങ്കുകൾ സ്റ്റേറ്റ്മെന്റ് Quarterly ആയി കൊടുക്കുകയും ചെയ്യുന്നതായി പരാതി ലഭിച്ച പശ്ചാത്തലത്തിലാണ് RBI യുടെ ഈ ആഹ്വാനം. (Source: Monetary and Credit Information Review (Vol. 3 Issue 4) October 2006 published by RBI.)

**സംഭാവനകൾ** : S/Shri രവിവർമ്മ, കെ. പി. ആർ. തമ്പി, 100 ക വീതം, ശ്രീമതി. ജയാമൂർത്തി 150 ക + മുൻ ബാലൻസ് 1804 = 2154 less ഈ ലക്കം ചിലവ് 612 = നീക്കിയിരുപ്പ് 1542ക.

**Life After Retirement "ഞാൻ സന്തുഷ്ടനാണ്" - By K.N.S. Unni**

ആരും ഒന്നുമെഴുതുന്നില്ലെന്ന പ്രത്യാശ എഡിറ്ററുടെ വിലാപമാണ് ഈ വരികൾ എഴുതുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. അപൂർവ്വം ചില സുഹൃത്തുക്കളെപ്പോലെ കൈകൾ വിറയ്ക്കുന്നില്ല, ഓർമ്മ നശിച്ചിട്ടുമില്ല. പിന്നെ എന്തുകൊണ്ട് ഞാനെഴുതുന്നില്ല? തിരിഞ്ഞ് നോക്കുമ്പോൾ ഉദ്യോഗത്തിലിരിക്കുമ്പോഴും വിരമിച്ചശേഷവും ഞാൻ സന്തുഷ്ടനാണ്. പകുതി വെള്ളം നിറച്ച ഗ്ലാസ്സ് പകുതി ഫുൾ ആണെന്നും പകുതി കാലിയെന്നും രണ്ടുവിധത്തിൽ വിശേഷിപ്പിക്കാം. കിട്ടിയ സൗഭാഗ്യങ്ങളെ ഓർത്ത് സന്തോഷിക്കുവാനാണെനിക്കിഷ്ടം. പല തിക്താനുഭവങ്ങളും ജോലിക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും ഭാര്യാസമേതം അമേരിക്ക, ഇംഗ്ലണ്ട്, കാനഡ, ഫ്രാൻസ് എന്നീ രാജ്യങ്ങളും ഏകനായി ധാക്ക, സിംഗപ്പൂർ, ബാംഗ്കോക്ക്, ഹോങ്ങ്കോങ്ങ് എന്നീ സ്ഥലങ്ങളും സന്ദർശിക്കുവാൻ ബാങ്ക് മൂലം സാധിച്ചുവെന്നതിൽ ഞാൻ അതീവസന്തുഷ്ടനാണ്. 58 വയസ്സിൽ വിരമിച്ചപ്പോൾ RBI യിൽ നിന്നുതന്നെ 55 വയസ്സിൽ വിരമിക്കേണ്ടിവന്ന ഭാര്യാപിതാവിനേക്കാൾ ഭാഗ്യവാനല്ലേ എന്നാണ് ഓർത്തത്. ക്ലാർക്കായി ബാങ്കിൽ ചേർന്ന് എഫ് ഗ്രേഡിൽ വിരമിച്ച എനിക്ക് ടൈപ്പിസ്റ്റായി ചേർന്ന് ഡി. ജി. ആയി വിരമിച്ച ആളിനോട് മതിപ്പ് മാത്രമാണുണ്ടായിരുന്നത്. കൽക്കട്ടയിൽ വച്ച് അദ്ദേഹത്തോടൊപ്പം പലപ്പോഴും യാത്രചെയ്ത സന്തോഷവുമുണ്ട്. രണ്ടുപെൺമക്കളുടെ വിവാഹം വിരമിക്കുന്നതിനുമുമ്പ് നടത്തുവാൻ സാധിച്ചതും വലിയൊരു ഭാഗ്യമായി കരുതുന്നു. ഏറെ സന്തോഷിപ്പിക്കുന്ന മറ്റൊരു കാര്യം വിരമിച്ചതിനുശേഷമുള്ള സാമ്പത്തിക സുരക്ഷയാണ്. സർവ്വീസിലുള്ളപ്പോൾ മാർച്ച് 31 ന് കൃത്യമായി വസ്തുവിവരപ്പട്ടിക ബാങ്കിന് നൽകേണ്ടിയിരുന്നു. എന്നാൽ വിരമിച്ചശേഷം ഓഹരിയോ, ഫ്ളാറ്റോ, ഭൂമിയോ വാങ്ങാനും വിൽക്കാനും സ്വാതന്ത്ര്യം കിട്ടിയതുകൊണ്ട് സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ സാധിച്ചു. കൂടാതെ ദയാനിധിയായ ഗവർണർ ജലാൻ തന്ന പെൻഷൻ വർദ്ധനയും മനസ്സില്ലാമനസ്സോടെ ഈയിടെ ബാങ്ക് തന്ന ഡി. ആർ. വർദ്ധനയും മൂലം എറണാകുളത്തെ ഏത് ഹോട്ടലിലും ഭാര്യസമേതം മൂന്ന് നേരം ഭക്ഷണം കഴിക്കാമെന്ന സ്ഥിതിയായി. ചില്ലറ അസുഖങ്ങൾക്ക് റീഇംബേഴ്സ്മെന്റ് കിട്ടാത്ത സങ്കടമുണ്ടെങ്കിലും ഉൽക്കണ്ഠക്ക് വക നൽകുന്ന അസുഖങ്ങൾ ഇതുവരെ പിടിപെടാത്തതും ആശ്വാസം തന്നെ. ഞാനും കുടുംബവും ഷിർദ്ദി ബാബയിലും സത്യസായി ബാബയിലും ബലമായി വിശ്വസിക്കുന്നതിനാലാവാം മാനം കറുക്കുമ്പോഴും ഇടിവെട്ടുമ്പോഴും അവയുടെ കാഠിന്യം ഏൽക്കാതെ പോകുന്നത്. സത്യസായിബാബയുടെ പ്രസിദ്ധമായ മുദ്രാവാക്യങ്ങൾ "Love All Serve All" "Help Ever Hurt Never" എപ്പോഴും ഓർക്കാറുണ്ട്. പിന്നെ യേശുക്രിസ്തുവിനേപ്പോലെ അദ്ദേഹവും നമുക്ക് ധൈര്യം തരുന്നു. "Why Fear When I Am Here"

The writer is a former advisor in DEAP, Mumbai and faculty member of the RB Staff College Chennai. The editor is grateful for his valuable contribution and hopes that other readers will follow his example.

**ഗവർണർക്ക് മെയ് 26 ന് ശ്രീ. പി. പി. രാമചന്ദ്രൻ എഴുതിയ കത്ത്**

Dear respected Dr. Y.V. Reddy,

Please allow me to thank you on behalf of thousands of retirees who have benefitted from the recent order regarding 100% neutralisation effective March 2008. This has banished the artificial dividing line between pre and post 1-11-02 retirees. We convey our special thanks to you for affording medical assistance to family pensioners ranging from 1700 to 2800. The class that is left in the lurch is the pre 1986 retirees, who get a maximum of a trifle above Rs. 4000/-. This tribe, most of them in their eighties is a vanishing tribe with each passing month registering departures to the "other world" with remorseless regularity. This month itself two retirees of the erst while DRS, S/ Shri Reghbir Singh and K. R. Viswanathan passed away. This group subsists on an immodestly modest x-gratia payment and looks forward eagerly to amelioration of their distress. There is a crying need to enhance expeditiously their x-gratia payment, especially in the context of the rising inflation to which you drew pointed attention recently. The most crucial part of our need is updation of pension on an ongoing basis. Denial of this is at once cruel and distressing. We appeal to you, sir, to ensure that you give us this benefit as a parting gift to us before you relinquish office. We shall be eternally in debt to you as we are to Dr. Jalan who offered us a bouquet before he took leave of us. May I be permitted to draw your attention to the fact that 100% D. R. has been afforded with effect from March 2008? This, in the background of those who retired after 1-11-02 getting arrears from february 2005. Pre 2002, pensioners have thus lost substantial amounts, atleast 3 years arrears. There is sufficient ground for removing this disparity and treating as equals both pre and post 1-11-02 pensioners. There is no rhyme or reason for choosing March 2008 as the month from, which to give effect to D. R. relief. The selection of this month is as arbitrary as the action of Roman Emperor Caligula selecting his horse Incitatus as his consul of Rome. We pray to you, sir, please give retrospective effect from February 2005 to pre 2002 pensioners, updation of pension and most importantly a substantial relief to pre - 1986 retirees, a surely and swiftly vanishing tribe. With regards and gratitude, yours faithfully sd/- P.P.R. (1996 retiree)

**M. A. F.** : ക്യാഷ്ലെസ്സ് പദ്ധതിക്ക് വേണ്ട I. D. കാർഡുകൾ ഇതുവരെ കിട്ടാത്തവർ അസൂയപ്പെടുകയോ പരാതിപ്പെടുകയോ വേണ്ട. P. F. Index ന്റെ അടിസ്ഥാനത്തിൽ എല്ലാ MAF അംഗങ്ങൾക്കും പുതി ID കാർഡുകൾ നൽകാനാണത്രേ ഇപ്പോഴത്തെ തീരുമാനം.

**ഇപ്പോഴും പരിഗണനയിൽ** : അപ്പ്ഡേഷൻ മുതലായ ബാക്കി കാര്യങ്ങളിൽ ഒന്നും തന്നെ സംഭവിക്കുന്നില്ലെങ്കിലും ഫയൽ ക്ലോസ് ചെയ്തിട്ടില്ലെന്നും എല്ലാം ഇപ്പോഴും പരിഗണനയിൽ തന്നെയാണെന്നും നിരാശപ്പെടേണ്ടെന്നുമാണ് ബോംബെയിൽ നിന്നും ലഭിക്കുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്.

**ദേശീയാടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പെൻഷൻകാരുടെ ഏകീകൃത സംഘടന** 27-4-2008 ന് ഡൽഹിയിൽ രൂപം കൊണ്ടു എന്നത് ശുഭവാർത്തയാണ്. പേര് ഭാരത് സെൻട്രൽ പെൻഷനേഴ്സ് കോൺഫെഡറേഷൻ (B.C.P.C.). 40 ലക്ഷം കേന്ദ്രപെൻഷൻകാരെയായിരിക്കും ഈ സംഘടന പതിനിധീകരിക്കുന്നത്. പല സംഘടനകളായി വിഘടിച്ചുനിന്നിരുന്ന യൂണിയനുകൾ 6-ാം പേക്കമ്മീന് ഒരു ചാർട്ടർ കൊടുക്കുവാൻ വേണ്ടി മാത്രമായിരുന്നു ഇതുവരെ ഒന്നിച്ചു പ്രവർത്തിച്ചത്. RBI യിലുള്ള പല സംഘടനകൾ ഒന്നിച്ചുചേരണമെന്ന് All India RB Retired Employes Association ഈയിടെ ആഹ്വാനം ചെയ്തിട്ടുണ്ട്. 12 വർഷത്തിനുശേഷം കമ്മ്യൂട്ടേഷൻ പുനസ്ഥാപിക്കുന്നതിനേപ്പറ്റിയുള്ള കോടതിവിധിയെ തുടർന്ന് കേന്ദ്ര പെൻഷൻ മന്ത്രാലയം പെൻഷൻകാരുടെ സംഘടനയുമായി ബന്ധപ്പെടുകയും മെയ് 12 ന് നിവേദനം സമർപ്പിക്കയും May 30 ന് കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്.

Edited by K.G.K. Pillai, C. 2, Elders Village, Chottanikkara P. O., Pin 682 312, Phone No. 0484 - 2713414

The views expressed herein are purely those of the Editor and not those of the RBREA, Kochi.